# അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026 (അമ്പലവയൽ, വയനാട്) നടത്തുന്നതിന്റെ Expression of Interest (EOI) ക്ഷണിക്കുന്നു.

## 1. ആമുഖം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ എല്ലാ വർഷവും ജനുവരി 1 മുതൽ 15 ദിവസങ്ങളിലായി നടത്തപ്പെടുന്ന അന്താരാഷ്ട്ര പുഷ്പ-ഫല പ്രദർശനമേളയാണ് പൂപ്പൊലി. ഇപ്രകാരം പൂപ്പൊലി നടത്തുന്നതിന് താൽപ്പര്യമുള്ള ഏജൻസികളിൽ നിന്നും EOI ക്ഷണിയ്ക്കുന്നു. പൂപ്പൊലിയുടെ പ്രവർത്തന സമയം രാവിലെ 9.00 മണി മുതൽ രാത്രി 10.00 വരെ ആയിരിക്കും. മുൻ വർഷങ്ങളിൽ പൂപ്പൊലി സന്ദർശകരായി ശരാശരി 5 ലക്ഷത്തോളം പേർ എത്തിയിരുന്നു.

## 2. പ്രവർത്തനങ്ങൾ

പൂപ്പൊലിയുടെ ഭാഗമായി എക്സ്ബിബിഷനുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അമ്യൂസ്മെന്റ് റൈഡുകൾ, ഫുഡ്കോർട്ട് ഉൾപ്പെടെയുള്ള പരിപാടികൾ ആണ് RARS ലെ 13 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന ഗ്രൗണ്ടിൽ സംഘടിപ്പിക്കാനുള്ളത്.

## 3. Expression of Interest (EOI) അപേക്ഷകർ :

- ഗവ: സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ. എൻ.ജി.ഒ.കൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, കർഷക സംഘടനകൾ ഉൾപ്പെടെ സമാനരീതിയിൽ പ്രവർത്തി പരിചയമുള്ളവരിൽ നിന്നും ആണ് ഇതിനുള്ള താൽപ്പര്യപത്രം ക്ഷണിക്കുന്നത്.
- കഴിഞ്ഞ 3 വർഷങ്ങളിൽ സമാനമായ പരിപാടികൾ (ഒരു കോടിയോ അതിലധികമോ അടങ്കൽ തുക വരുന്ന) നടത്തിയിട്ടുള്ള ഏജൻസികൾ ആയിരിക്കണം അപേക്ഷകർ.
- സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, മുമ്പ് ഇത്തരം പ്രവർത്തികൾ നടത്തിയതിന്റെ രേഖകൾ (എഗ്രിമെന്റിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം) പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നതിന്റെ പദ്ധതി രേഖ എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ഗവൺമെന്റോ, അർദ്ധസർക്കാർ സ്ഥാപനങ്ങളോ, കോർപ്പറേറ്റുകളോ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## 4. നടത്തുന്ന തീയതികൾ

| ഇനം | തീയതി |
|---|---|
| 1. പ്രസിദ്ധപ്പെടുത്തുന്നത്- | 25.09.2025 |
| 2. EOI സമർപ്പിക്കേണ്ട അവസാന തീയതി- | 10.10.2025 : 11.00 a.m. |
| 3. EOI തുറക്കുന്ന തീയതി | 13.10.2025 : 12.00 p.m. |

**5. അപേക്ഷകരുടെ തിരഞ്ഞെടുപ്പ്:**

a) ഇതിനായി നിയോഗിക്കുന്ന സർവ്വകലാശാല കമ്മറ്റി, അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിനുശേഷമാണ് അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്.
b) അപേക്ഷകളിൽ ടെക്നിക്കൽ ബിഡ് പരിശോധിച്ച് യോഗ്യത നേടിയ അപേക്ഷകരുടെ ഫിനാൻഷ്യൽ ബിഡ് മാത്രമേ തിരഞ്ഞെടുപ്പിനായി പരിഗണിക്കുകയുള്ളൂ
c) അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അവകാശം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്.
d) പൂപ്പൊലി നടത്തുന്ന സ്ഥലം സന്ദർശിക്കേണ്ടവർക്ക് ആയതിനുള്ള അവസരം നൽകുന്നതാണ്.

**6. എഗ്രിമെന്റ്:**

തിരഞ്ഞെടുക്കപ്പെടുന്നവർ പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുമായി MOU യിൽ ഏർപ്പെടേണ്ടതാണ്.

**7. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

ചുവടെ കാണിച്ചപ്രകാരം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

a) Annexure I ലുള്ള അപേക്ഷ
b) Annexure II ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)
c) പ്രസ്തുത അപേക്ഷ ഒരു Envelope ൽ Technical Bid, Financial Bid എന്നിങ്ങനെ വേർതിരിച്ച് രണ്ട് സീൽഡ് കവറുകളിലായി അടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്.
d) Technical Bid അടക്കം ചെയ്ത സീൽഡ് കവറിന്റെ പുറത്ത് 'Technical Bid -**പൂപ്പൊലി 2026' എന്നും** Financial Bid അടക്കം ചെയ്ത സീൽഡ് കവറിന്റെ പുറത്ത് 'Financial Bid -**പൂപ്പൊലി 2026' എന്നും** രേഖപ്പെടുത്തണം.
e) അപേക്ഷകൾ അടക്കം ചെയ്ത Envelope ന് പുറത്ത് **"പൂപ്പൊലി 2026 നടത്തിപ്പിനുള്ള EOI" എന്ന് രേഖപ്പെടുത്തണം.** ഡയറക്ടർ , ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശൂർ - 680656 എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**ടെക്നിക്കൽ ബിഡ്:**

**നിലവിലുള്ള സൗകര്യങ്ങൾ**

| ക്രമ നം. | ഇനം | വിവരണം | രൂപരേഖയിലെ സ്ഥലം (Annexure - IV ) |
|---|---|---|---|
| 1 | സ്റ്റേജ് | | |
| | മെയിൻ സ്റ്റേജ് | 180 ച.മീ. | S(ഗ്രൗണ്ട്) |
| | മിനി സ്റ്റേജ് | 60 ച.മീ. | T |
| 2 | ഗ്രൗണ്ട് | 7553 ച.മീ. (അമ്യൂസ്മെന്റ് ഏരിയയും പ്രധാന വേദിയിലെ പ്രേക്ഷകർക്കുള്ള സ്ഥലവും വേർതിരിക്കേണ്ടതാണ്) | S |

| | | | |
|---|---|---|---|
| 3 | സ്റ്റാൾ | | |
| | നിലവിലുള്ള പോളിഹൗസ് സ്റ്റാളുകൾ | 230 എണ്ണം – 10x15 അടി ആകെ വിസ്തീർണ്ണം 4058 ച.മീ. | O |
| | ഫുഡ്കോർട്ടിനുള്ള സ്ഥലം | 1000 ച.മീ. | P,Q,R |
| 4 | ടിക്കറ്റ് കൗണ്ടർ | രണ്ട് പ്രവേശന കവാടങ്ങളിലായി 15 കൗണ്ടർ | മെയിൻ എൻട്രൻസ്, എൻട്രൻസ് -2 |
| 5 | ജലവിതരണം | | |
| | കുടിവെള്ളം | സന്ദർശക്കുള്ള കുടിവെള്ളം രണ്ടിടങ്ങളിലായി ക്രമീകരിച്ചിട്ടുണ്ട്. | ചിൽഡ്രൻസ് പാർക്കിനും ബോട്ട് ഹൗസിനും സമീപം |
| | മറ്റ് ആവശ്യങ്ങൾക്കുള്ള വെള്ളം | പ്രദർശന നഗരിയിൽ ഹൈഡ്രന്റ് സംവിധാനമുണ്ട് | - |
| 6 | സാനിട്ടറി സംവിധാനങ്ങൾ | 15 ശുചിമുറികൾ | മണ്ഡപത്തിന് സമീപം |

**EOI ലഭിക്കുന്ന സ്ഥാപനം ഒരുക്കേണ്ട സൗകര്യങ്ങൾ**

| ക്രമ നം | ഇനം | വിവരണം | രൂപരേഖയിലെ സ്ഥലം |
|---|---|---|---|
| 1 | ലൈറ്റ് & സൗണ്ട് | | |
| | പവർ ബാക്ക് അപ്പ് | ജനറേറ്റർ 125 KVA – ഏറ്റവും കുറഞ്ഞത് - 3 എണ്ണം | പ്രദർശന നഗരി മുഴുവൻ |
| | സൗണ്ട് സിസ്റ്റം | 60000 W (75000 W നുള്ള നിരക്കു കൂടി കാണിക്കേണ്ടതാണ്) | പ്രദർശന നഗരി മുഴുവൻ |
| | ലൈറ്റ് സിസ്റ്റം | Annexure V റെഫർ ചെയ്യുക(ഏറ്റവും കുറഞ്ഞ ആവശ്യകത ) | പ്രദർശന നഗരി മുഴുവൻ |
| 2 | സാനിട്ടറി സംവിധാനങ്ങൾ | ബയോ-ടോയിലറ്റ് ഏറ്റവും കുറഞ്ഞത് – 10 എണ്ണം | പ്രധാന ഗ്രൗണ്ടിനോട് ചേർന്ന് |
| 3 | സുരക്ഷാസംവിധാനം | | |
| | സിസിടിവി കവറേജ് | പൂപ്പൊലി നടക്കുന്ന ഏരിയ പൂർണ്ണമായും പകർത്തുന്നതിനാവശ്യമായത് | പ്രദർശന നഗരി മുഴുവൻ |
| | ബാരിക്കേഡുകൾ | തിരക്ക് നിയന്ത്രണത്തിനാവശ്യമായത് | പ്രദർശന നഗരി മുഴുവൻ |
| | സെക്യൂരിറ്റി ഗാർഡ് | തിരക്ക് നിയന്ത്രണത്തിനാവശ്യമായത് | പ്രദർശന നഗരി മുഴുവൻ |
| 4 | മാലിന്യനിർമ്മാർജ്ജനം | ശുചിത്വമിഷൻ, ഹരിതകർമ്മസേന, ആർ.എ.ആർ.എസ്. ഗ്രീൻ പ്രോട്ടോകോൾ എന്നിവയ്ക്ക് വിധേയമായി | പ്രദർശന നഗരി മുഴുവൻ |

| | | | |
|---|---|---|---|
| 5 | ജലവിതരണം | നിലവിലുള്ള വാട്ടർ ഹൈഡ്രന്റിൽ നിന്നും വെള്ളം ഉപയോഗിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുന്നത് | പ്രദർശന നഗരി മുഴുവൻ |
| 6 | അഡ്വർടൈസ്മെന്റ് & വീഡിയോ കവറേജ് | ഓൺലൈൻ ടിക്കറ്റ് സൗകര്യം | - |
| | | LED Wall – 4 എണ്ണം (80 ച.അടി.) | പൂപ്പൊലി ഗാർഡൻ, മെയിൻ സ്റ്റേജ് |
| | | പൂപ്പൊലി പരിപാടികളുടെ പൂർണ്ണമായ ഓഡിയോ വീഡിയോ റെക്കോർഡിംഗ് | |
| 7. | അമ്യൂസ്മെന്റ് പാർക്ക് | നിയമാനുസൃതം | S (ഗ്രൗണ്ട്)<br>D ആകൃതിയിൽ ഉള്ള കുളം<br>H – വലിയ കുളം<br>L – കൃത്രിമ കുളം |
| 8 | കലാപരിപാടികൾ | നിയമാനുസൃതം | മെയിൻ സ്റ്റേജ് (ഗ്രൗണ്ട്) |
| 9 | സ്റ്റാളുകൾ (എക്സിബിഷൻ , ഫുഡ് കോർട്ട് മുതലയാവ) | 15000 sq.m. സ്ഥലത്ത് (4058 ച.മീ. പോളിഹൗസ് ഉൾപ്പെടെ) നിയമാനുസൃതം സ്റ്റാളുകൾ സജ്ജീകരിക്കുക. | O – പോളിഹൗസ് ഉൾപ്പെടെ ഉള്ള സ്ഥലങ്ങൾ |
| | സ്റ്റാളുകൾ സർവ്വകലാശാലയുടെ ഗുണനിലവാരവും അനുയോജ്യതയും നിർദേശങ്ങളും അനുസരിച്ചുള്ളതായിരിക്കണം | | |

**ചെയ്യേണ്ട പ്രവർത്തികളിൽ പാലിക്കപ്പെടേണ്ട നിർദേശങ്ങൾ**

**Annexure – III** റെഫർ ചെയ്യുക

**ഫിനാൻഷ്യൽ ബിഡ്:**

**ബഡ്ജറ്റ്:**

1. പൂപ്പൊലി നടത്തുന്നതിനുള്ള അടിസ്ഥാന വില 1 കോടി 75 ലക്ഷം രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.
2. EOI പ്രകാരം അംഗീകരിച്ച കരാർ തുകയുടെ 50% കരാറിൽ ഏർപ്പെട്ട് 30 ദിവസതിനുള്ളിലും ബാക്കി തുക പൂപ്പൊലി തുടങ്ങുന്നതിന് 30 ദിവസം മുൻപായി അടച്ച് തീർക്കേണ്ടതാണ്. (GST പുറമേ)

**പ്രൊസസിംഗ് ഫീ:**

1. Expression of Interest (EOI) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർ പ്രൊസസിംഗ് ഫീസായി (5,000/- + 18% GST) 5,900/- രൂപ സമർപ്പിക്കേണ്ടതാണ്. ഇത് **അസ്സോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ് അമ്പലവയൽ, SBI കൊളകപ്പാറ ബ്രാഞ്ചിൽ (A/c No- 38927507799, IFSC-SBIN0070615)** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി (ഒറിജിനൽ) സമർപ്പിക്കേണ്ടതാണ്. ഈ തുക തിരിച്ച് നൽകുന്നതല്ല.

2. 29/08/2025 ൽ നടന്ന EOI ൽ പങ്കെടുത്ത് പ്രൊസസിംഗ് ഫീ സമർപ്പിച്ച കരാരുകാർക്ക് നിലവിലെ EOI ൽ പങ്കെടുക്കുന്നതിന് അധികമായ പ്രൊസസിംഗ് ഫീ മാത്രമേ അടക്കേണ്ടതുള്ളു.

**നിരതദ്രവ്യം: (EMD)**

നിരതദ്രവ്യമായി 50,000/-രൂപ EOI അപേക്ഷയോടൊപ്പം **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസിന്റെ പേരിൽ SBI, Kolagappara ബ്രാഞ്ചിൽ** (A/c.No.38927507799, IFSC:SBIN0070615) മാറാവുന്ന **ഡി.ഡി (ഒറിജിനൽ)** ആയി സമർപ്പിയ്ക്കേണ്ടതാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കാർഷിക സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നഷ്ടം അടച്ച നിരത്ദ്രവ്യത്തിൽ നിന്നും കണ്ടുകെട്ടുന്നതാണ് .

**സെക്യൂരിറ്റി ഡിപ്പോസിറ്റ്:**

EOI ലഭിക്കുന്ന കരാറുകാരൻ കരാർ തുകയുടെ 0.1% വിലയുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും, കരാർ തുകയുടെ 5% സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസിന്റെ പേരിൽ** ഒടുക്കേണ്ടതുമാണ്.

ഒപ്പ്/-

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര (പി.ഒ), തൃശൂർ- 680 656

## ANNEXURE I

**Expression of Interest** നുള്ള അപേക്ഷ

സ്വീകർത്താവ് :

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര, തൃശൂർ- **680 656**

വിഷയം: പൂപ്പൊലി **2026** നടത്തുന്നതിനുള്ള **EOI** സമർപ്പിക്കുന്നത് സംബന്ധിച്ച്.

സർ,

...............................................................................................തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ പൂപ്പൊലി **2026** നടത്തുന്നതിനുള്ള **Expression of Interest (EOI)** പ്രകാരം **2025** ലെ പൂപ്പൊലി നടത്തുന്നതിന് താൽപ്പര്യപത്രം സമർപ്പിക്കുന്നു. ഇതോടൊപ്പം ചുവടെ കാണിച്ച രേഖകളും, സീൽഡ് കവറിൽ സമർപ്പിക്കുക.

**Annexure I** ലുള്ള അപേക്ഷ

**Annexure II** ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)

വിശ്വസ്തതയോടെ

അപേക്ഷകന്റെ ഒപ്പ്

പൂർണ്ണ വിലാസം:

ഉള്ളടക്കം: മേൽ പ്രകാരം

## ANNEXURE II

| ക്രമ നം | വിവരണം | അപേക്ഷകൻ നല്കുന്ന വിവരങ്ങൾ |
|---|---|---|
| 1 | അപേക്ഷകരുടെ പൂർണ്ണ മേൽ വിലാസം | |
| 2 | ഫോൺ നമ്പർ | |
| 3 | ഇതുപോലുള്ള സമാന രീതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | |
| 4 | ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ | |
| | | |

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്നും, സർവ്വകലാശാലയുടെ എല്ലാ നിയമാവലികളും പാലിച്ചുകൊള്ളാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്:

അപേക്ഷകന്റെ പേര്:

പൂർണ്ണ മേൽ വിലാസം:

സ്ഥലം:

തീയതി:

ഉള്ളടക്കം:

1. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ജി.എസ്.ടി നമ്പർ സഹിതം)
2. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. ഫോട്ടോ, തിരിച്ചറിയൽ കാർഡ്

## Annexure –III

a) EOI ലഭിക്കുന്ന ഇവന്റ് മാനേജ് മെന്റ് സ്ഥാപനങ്ങൾ ചുവടെ കാണിച്ച രീതിയിലുള്ള ജോലികൾ സമയബന്ധിതമായി തീർക്കണം. അനുവദിക്കുന്ന സ്ഥലത്ത് വിവിധ അമ്യൂസ്മെന്റ് റൈഡുകൾ, പെഡൽ ബോട്ടുകൾ, കുട്ടികൾക്കുള്ള വിവിധ വിനോദോപാധികൾ എന്നിവയും സ്ഥാപിച്ച് നൽകേണ്ടതാണ്. ഇവിടെയുള്ള 2 കുളവും,ഒരു കൃത്രിമ കുളവും (240 സ്ക്വയർ മീറ്റർ) ബോട്ടിംങ്ങിനോ മറ്റ് വിനോദോപാധികൾക്കോ ഉപയോഗിക്കാവുന്നതാണ്. ഇതിലെ ജലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ പാടുള്ളതല്ല. കുളത്തിന് കേടുപാട് വരുത്തുകയോ, ജലം മലിനമാക്കുന്ന ഒരു പ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല. മേൽ സ്ഥലത്ത് 4100 സ്ക്വയർ മീറ്ററോളം വരുന്ന മേൽക്കൂരയും താഴ്ഭാഗം കോൺക്രീറ്റുമുള്ള സ്റ്റാളുകളും 250 സ്ക്വയർ മീറ്ററുമുള്ള ഒരു പോളിഹൗസ് ടണലും 200 സ്ക്വയർ മീറ്റർ വരുന്ന ഒരു മണ്ഡപവും ഉള്ളത് ഉപയോഗിക്കാവുന്നതാണ്. ഈ സ്റ്റാളുകളിൽ നിരോധിത സാധനങ്ങൾ, ഒഴികെ ഉള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും വിനിയോഗിക്കാം. അനുവദിക്കുന്ന സ്ഥലത്ത് ഫുഡ്കോർട്ടുകളും, ഐസ്ക്രീം സ്റ്റാളുകൾ മുതലായവ പ്രവർത്തിപ്പിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്നവർക്ക് അനുവദിച്ചിരിക്കുന്ന സ്ഥലം കൂടാതെ 5 ഇടങ്ങളിൽ കൂടി 15 x 10 അടി സ്ഥലം വിസ്തൃതിയിൽ വിൽപ്പന സ്റ്റാളുകൾ ഇടുന്നതിന് അനുവാദം നൽകുന്നതാണ്.

b) പൂപ്പൊലി ദിവസങ്ങളിൽ കലാപരിപാടികൾ നടത്തേണ്ടതാണ്. പ്രവേശനടിക്കറ്റ് എടുത്തിട്ടുള്ള എല്ലാവർക്കും ഇത് സൗജന്യമായി വീക്ഷിക്കുന്നതിന് അവസരം നൽകേണ്ടതാണ്. എല്ലാ ദിവസങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനായി 800 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള സ്റ്റേജും 2 ഏക്കറോളം വരുന്ന ഗ്രൗണ്ടും ഉപയോഗിക്കാവുന്നതാണ്. പൂപ്പൊലിയുടെ ഉദ്ഘാടനത്തിനും, അതിനോടനുബന്ധിച്ച് സർവ്വകലാശാല നടത്തുന്ന പരിപാടികൾക്കുമായി ഈ സ്ഥലം കാർഷിക സർവ്വകലാശാലയ്ക്ക് വിട്ടു നൽകേണ്ടതാണ്.

c) 13 ഏക്കർ വരുന്ന പൂപ്പൊലി നഗരി മുഴുവനായി ശബ്ദവും, വെളിച്ചവും ഏർപ്പാടാക്കേണ്ടതാണ്.

d) പൂപ്പൊലി ഗാർഡൻ ഒഴികെയുള്ള എല്ലാ സ്ഥലങ്ങളിലും സെക്യൂരിറ്റി സംവിധാനം ഏർപ്പാടാക്കേണ്ടതാണ്. സുരക്ഷ ബാരിക്കേഡുകൾ ആവശ്യമുള്ള ഇടങ്ങളിൽ ആർ.എ.ആർ.എസിലെ സെക്യൂരിറ്റി ഓഫീസർ ഇൻചാർജ്ജുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

e) സന്ദർശകരുടെ വാഹന പാർക്കിംഗിനുള്ള സംവിധാനം EOI ലഭിക്കുന്ന കരാറുകാരൻ ഏർപ്പാടാക്കേണ്ടതാണ്. പൂപ്പൊലി നഗരിയിലേയ്ക്കുള്ള പൂപ്പൊലി ടിക്കറ്റ് വിതരണവും പൂർണ്ണമായും ഏറ്റെടുത്ത് ചെയ്യേണ്ടതാണ്.

f) ടിക്കറ്റ് നിരക്ക് മുതിർന്നവർക്ക് ഒരാൾക്ക് പരാമവധി 75 രൂപയും കുട്ടികൾക്ക് പരാമവധി 30 രൂപയും ആയി നിജപ്പെടുത്തേണ്ടതാണ് ( 5 വയസ്സ് വരെ സൗജന്യം, 6 വയസ്സ് മുതൽ 12 വയസ്സ് വരെ 30/- രൂപ, 12 വയസ്സിന് നു മുകളിൽ 75/- രൂപ). കൂടാതെ സ്കൂളുകളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ മുതിർന്ന പൗരൻമാർ, അംഗപരിമിതി ഉള്ളവർ എന്നിവർക്കും ടിക്കറ്റ് നിരക്കിൽ സർക്കാർ അനുവദനീയമായ ഇളവ് അനുവദിക്കേണ്ടതാണ്. ടിക്കറ്റ് വിതരണം ചെയ്യുന്നതിനായി നിലവിലെ രണ്ട് സ്ഥലങ്ങളിലായി 15 ടിക്കറ്റ് കൗണ്ടറുകൾ സജ്ജികരികെണ്ടാതാണ്. പ്രവേശനം ഓൺലൈൻ മുഖാന്തിരം ഏർപ്പെടുത്താവുന്നതാണ്.

g) പൂപ്പൊലി ഗ്രൗണ്ടിലെ പരിപാടികൾ ഹരിതചട്ട പ്രകാരം മാത്രമേ നടത്തുവാൻ പാടുള്ളൂ. അതാത് ദിവസങ്ങളിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇതിനായി

ശുചിത്വമിഷൻ, ഹരിതകർമ്മസേന,RARSലെ ഗ്രീൻ പ്രോട്ടോകോൾ ഓഫീസർ എന്നിവരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

h) നിലവിൽ ഉള്ള 15 ശുചിമുറികൾ പരിപാലിച്ച് ഉപയോഗിക്കേണ്ടതാണ്

i) നിലവിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവി ക്യാമറകൾക്ക് പുറമെ പൂപ്പൊലി ഗാർഡനിലെ എല്ലാ സ്ഥലങ്ങളിലും കരാറുകാരൻ സിസിടിവി കവറേജ് ഏർപ്പെടുത്തേണ്ടതാണ്.

j) പൂപ്പൊലി ഗ്രൗണ്ട് ഉൾപ്പെട്ട 13 ഏക്കർ സ്ഥലവും വിവിധ റൈഡുകൾ ഉൾപെടെ എല്ലാ പരിപാടികൾക്കും തൊഴിലാളികൾ,സന്ദർശകർ, വിദ്യാർത്ഥികൾ,അദ്ധ്യാപക- അനദ്ധ്യാപക ജിവനക്കാർക്കും അപകടങ്ങൾ സംഭവിക്കുന്നത് മൂലമോ, മരണം മൂലമോ ഉണ്ടാകുന്ന കരണങ്ങൾക്ക് നിയമപ്രകരമുള്ള ഇൻഷുറൻസ് പരിരക്ഷ കരാറുകാരൻ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഉള്ള ഇൻഷുറൻസ് പരിരക്ഷയുടെ രേഖകൾ പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരൻ എഗ്രിമെന്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്

k) പൂപ്പൊലി സന്ദർശിക്കുന്നവർക്ക് രണ്ടിടങ്ങളിലായി കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനം ആർ.എ.ആർ.എസ് ഏർപ്പാടാക്കുന്നതാണ്. കൂടുതൽ സംവിധാനം ഏജൻസി ഏർപ്പാടാക്കേണ്ടതാണ്.

l) പൂപ്പൊലിയുടെ എല്ലാ പരിപാടികളുടെയും ഓഡിയോ-വീഡിയോ റെക്കോർഡിംഗുകൾ നടത്തേണ്ടതും, ഇതിന്റെ ഒരു പകർപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് കരാറുകാരൻ സ്വന്തം ചിലവിൽ സമർപ്പിക്കേണ്ടതുമാണ്.

m) പൂപ്പൊലിയുടെ പ്രചരണത്തിനായി മതിയായ പരസ്യം നൽകേണ്ടതും ഇതിനായി പ്രമോഷനൽ വീഡിയോ ഉൾപ്പെടെയുള്ളവ നിർമ്മിക്കേണ്ടതുമാണ്. കൂടാതെ പൂപ്പൊലി ഗാർഡനിൽ രണ്ട് സ്ഥലങ്ങളിലെങ്കിലും LED Wall കൾ സ്ഥാപിക്കേണ്ടതാണ്.

n) പൂപ്പൊലി ഗ്രൗണ്ടിനോട് ചേർന്ന് കിടക്കുന്ന വയലിന് (2.5 ഏക്കർ) രൂപമാറ്റം വരുത്തുവാൻ പാടില്ല.

o) കരാറുകാരൻ അവരുടെ ഒരു കൺട്രോൾ റൂം ആർ.എ.ആർ.എസിൽ സ്ഥാപിക്കണ്ടതും, ബന്ധപ്പെടുന്നതിനായി ചുമതലയുള്ള ജീവനക്കാരെ അവിടെ സദാസമയവും നിയോഗിക്കേണ്ടതുമാണ്.

p) സ്റ്റാളുകൾ നടത്തുന്നതിന്റേയും ലൈറ്റിംങ്ങിന്റേയും വിവിധ റൈഡുകൾ നടത്തുന്നതിനും ആവശ്യമായ നിയമാനുസൃതമായ അംഗികാരങ്ങൾ (ലൈസൻസുകളും, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും മുതലായവ) കരാറുകാരൻ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നേടേണ്ടതാണ്. ഇപ്രകാരം ഉള്ള അംഗികാരങ്ങൾ പരിപാടി തുടങ്ങുന്നതിന് മുൻപായി തന്നെ സംഘടിപ്പിക്കേണ്ടതും, തൻമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും നിയമപരമായ ബാധ്യതകൾക്കും കരാറുകാരൻ മാത്രംമായിരിക്കും ഉത്തരവാദി.

q) ആരോഗ്യ അത്യാഹിതങ്ങൾ നേരിടാനുള്ള എല്ലാവിധ സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.

r) ഭക്ഷണ വിതരണം ബന്ധപ്പെട്ട സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടാവണം.

s) കരാറുകാർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ആവശ്യമുള്ള വെള്ളം അവർ തന്നെ ഏർപ്പാടാക്കേണ്ടതാണ്.

t) കരാറുകാരൻ ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളുടെയും പരിശോധന നടത്തുന്നതിനുള്ള എല്ലാ അധികാരങ്ങളും കാർഷിക സർവ്വകലാശാലയിൽ നിക്ഷിബ്ധമായിരിക്കും.

u) പൂപ്പൊലി കഴിഞ്ഞതിനുശേഷം കരാറുകാരൻ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണങ്ങളും 10 ദിവസത്തിനുള്ളിൽ സ്ഥാപനത്തിന്റെ മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾക്ക് കേടുപാടുകൾ വരാത്തവിധം നീക്കം ചെയ്യേണ്ടതാണ്.

v) പ്രദർശന നഗരിയിൽ സൗജന്യ പ്രവേശനത്തിനുള്ള പാസുകൾ **ADR, RARS** ന്റെ പക്കൽ നൽകേണ്ടതാണ്.

w) പൂപ്പൊലി ഗ്രൗണ്ടിൽ ഏത് വസ്തുക്കളും (**additional fittings**) അധികമായിസ്ഥാപിക്കുന്നതിന് മുൻപ് **ADR, RARS** ന്റെ അനുമതി ലഭ്യമാക്കേണ്ടതാണ് .

x) പൂപ്പൊലി നടത്തുന്ന ദിവസങ്ങളിൽ ഉണ്ടാവുന്ന ഏത് അറ്റകുറ്റപ്പണികളും കരാറുകാരൻ യഥാസമയം ചെയ്യേണ്ടതാണ്

y) ഗവൺമെന്റ് സ്റ്റാളുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നവർക്കും, സെക്യൂരിറ്റി, ആമ്പുലൻസ്. ഫസ്റ്റ് എയ്ഡ്, ഹെൽത്ത്, പോലീസ്, ഫയർഫോഴ്സ് ജീവനക്കാർക്കും ഭക്ഷണം കരാറുകാരൻ നൽകേണ്ടതാണ്.

z) കാർഷിക സർവ്വകലാശാല രൂപികരിച്ച സംഘാടക സമിതിക്ക് പൂപ്പൊലിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാപരിപാടികളും പരിശോധിക്കുന്നതിനും അനുയോജ്യമല്ലാത്തവ ഒഴിവാക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും . ഈ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുവാനും അടിയന്തിര സാഹചര്യത്തിൽ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം മേൽ പറഞ്ഞ സംഘാടക സമിതിയിൽ നിക്ഷിപ്തമാണ് .

aa) ഏറ്റെടുക്കുന്ന പരിപാടികൾ ഉന്നതഗുണനിലവാരവും, സുരക്ഷാക്രമീകരണങ്ങളും പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കുവാൻ പാടുള്ളൂ.

bb) വിവിധ റൈഡുകൾ സ്ഥാപിക്കുന്നതിന് മുൻപായി **ADR,RARS**-മായി കൂടിയാലോചിക്കേണ്ടതാണ്.

cc) ഗവണ്മെന്റ് സ്റ്റാളുകൾ സജ്ജീകരിക്കേണ്ട ചുമതലയും **EOI** ലഭിക്കുന്ന ഏജൻസിയ്ക്ക് ആയിരിക്കും ( പന്തൽ, കസേര, ലൈറ്റ്. ഫാൻ, ഫ്ലോർ മാറ്റ്)

dd) പഞ്ചായത്തിൽ ഒടുക്കേണ്ട വിനോദനികുതി **EOI** ലഭിക്കുന്ന കരാറുകാരൻ അടയ്ക്കേണ്ടതാണ്. സർക്കാരുമായും ബന്ധപ്പെട്ട എല്ലാത്തരം നികുതി/ഫീസുകൾ

ee) വിദ്യാർത്ഥികൾ, വിവിധ ഗ്രൂപ്പുകൾ തുടങ്ങിയവർക്കുള്ള ഇളവുകളിൽ വ്യക്തത വരുത്തേണ്ടതാണ്.

ff) വാഹനങ്ങളുടെ പാർകിങ്ങ് ഫീ എത്രയെന്നത് ബിഡിൽ വ്യക്തമാക്കേണ്ടതാണ്.

gg) ടിക്കറ്റ് നിരക്കിൽ ജി.എസ്.റ്റി ഉൾപ്പെടെ എന്ന് വ്യക്തമാക്കേണ്ടതാണ്.

hh) ജി.എസ്.റ്റി.യും മറ്റു ബാധകമായ നികുതികളും ഫീസുകളും കരാറുകാരൻ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണെന്നും ആയതിന്റെ രേഖകൾ സമർപ്പിക്കേണ്ടതുമാണ്.

ii) ഓരോ ദിവസത്തെ സന്ദർശകരുടെ എണ്ണം ആർ.എ. ആർ. എസ് മേധാവിയെ അറിയിക്കേണ്ടതാണ്.

jj) കരാറുകാർക്ക് **Eol** സംബന്ധിച്ചുള്ള സംശയ നിവാരണത്തിന് ബന്ധപ്പെടാനുള്ള ഉദ്യോഗസ്ഥന്റെ പേരും ഫോൺ നമ്പറും (ഡോ. യാമിനി വർമ്മ, അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ. ആർ. എസ് അമ്പലവയൽ, **മൊബൈൽ നമ്പർ - 9446780951**)

kk) പൂർണമല്ലാത്ത / ക്രമ പ്രകാരമല്ലാത്ത **Eol** നിരസിക്കുന്നതാണ്.

## Annexure IV


LOCATION SKETCH
DESCRIPTION OF LOCATION SKETCH
A. EXIBITION HALL
U. OPEN SPACE NEAR DRYING YARD
V. SPACE NEAR D POND AND PADDY FIELD( EXIT)
B. GLASSHOUSE
C. GARDEN
D. COTTAGE GAP
E. MANDAPAM (275 SQ.Mtr)
F. SIDE SPACE NEAR MANDAPAM
G. HUT NEAR POND
H. BIG POND
I. COPERATIVE SHOPE SIDE
J. SPACE INSIDE CHILDRENS PARK
K. SPACE INSIDE CHILDRENS PARK
L. SPACE BETWEEN BIRD CAGE AND ARTIFICIAL POND
M. ARTIFICIAL POND
N. ARTIFICIAL POND
N (1) POLY HOUSE TUNNEL
O. POLYHOUSE (4600 sq)
P. PASSAGE BETWEEN POLY HOUSE AND BASKET BALL COURT
Q. BASKET BALL COURT
S. GROUND
T. DRYING YARD
U. OPEN SPACE NEAR DRYING YARD
V. SPACE NEAR D POND AND PADDY FIELD( EXIT)
GROUND
MAIN STAGE
MINI STAGE
PADDY FIELD
ROSE GARDEN
N1
BIRD CAGE
CHILDRENS' PARK
EMERGENCY EXIT
D POND
BOAT HOUSE
MAIN ENTRANCE AND EXIT
TICKET COUNTER 1
GLASS HOUSE
SWAMP
NATURAL POND
MANDAPAM
MELASTOMA GARDEN
COTTAGE
EXIT 2
ENTRANCE 2
TICKET COUNTER 2
N

## Annexure V

| Sl.no | Items | Approximate number |
|---|---|---|
| 1 | Tube | 400 Nos |
| 2 | M.H 400 w | 100 Nos |
| 3 | LED flood light 200 w | 450 Nos |
| 4 | LED flood light 100 w | 300 Nos |
| 5 | LED bulb 40 w | 500 Nos |
| 6 | LED Par light | 200 Nos |
| 7 | GI Post(20 ft) | 100 Nos |
| 8 | GI Post(12 ft) | 100 Nos |
| 9 | Plug point | 400 Nos |
| 10 | Power plug | 100 Nos |
| 11 | Crazy 4 (Face light) | 24 Nos |
| 12 | Ceiling Fan | 200 Nos |
| 13 | Pedestrian Fan | 80 Nos |
| 14 | Sharpy | 10 Nos |
| 15 | LED serial set | 500 Nos |
| 16 | LED pixel (1 set, 40 no. bulb) | 1000 Nos |
| 17 | LED Thoranam Light | 500 Nos |
| 18 | LED Pin spot | 100 Nos |
| 19 | Smoke machine | 2 Nos |